പൊതുവിദ്യാഭ്യാസവകുപ്പ്

കേരള സർക്കാർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# മാർഗ്ഗരേഖ





## എം സി യു പി എസ് വടപുറം

# പ്രൊഫൈൽ

| | |
|---|---|
| വിദ്യാലയത്തിന്റേ പേര് | : എം.സി.യു.പി.എസ് വടപുറം. |
| വില്ലേജ് | : മമ്പാട് |
| ക്ലസ്റ്റർ സെന്റർ | : ജി.യു.പി. എസ്. കാട്ടുമുണ്ട ഈസ്റ്റ്. |
| പഞ്ചായത്ത് | : മമ്പാട് |
| ബി.ആർ.സി. | : നിലമ്പൂർ |
| ജില്ല. | : മലപ്പുറം. |
| സ്കൂൾ വിഭാഗം. | : ഗവൺമെന്റ് എയ്ഡഡ് |
| ഇ മെയിൽ | : mcups.vadapuram@gmail.com |
| പ്രധാനാദ്ധ്യാപിക | : ജോസീന ജോസഫ് |
| | ഫോൺ. 9497565894 |

# ആമുഖം

മമ്പാട് ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലാണ് വടപുറം മാർക്ലിമിസ് യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. വടപുറം, താളിപൊയിൽ, പുല്ലോട്, വള്ളിക്കെട്ട് , പാലപറമ്പ്, രാജീവ്ഗാന്ധി കോളനി, നടുവക്കാട് എന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സുഗമമായ വിദ്യാഭ്യാസം ലക്ഷ്യമിട്ട് 1979 ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. വടപുറം ജി. എൽ.പി. സ്കൂൾ, പൂല്ലോട് എ.എം.എൽ.പി. സ്കൂൾ എന്നീ സ്കൂളുകളാണ് എം. സി.യു. പി. സ്കൂളിന്റെ ഫീഡിംഗ് സ്കൂളുകൾ.

# ചരിത്രം.

1979 ജൂൺ 4 ന് ശ്രീ. എം. മുഹമ്മദിന്റെ മാനേജ്മെന്റിൽ അഞ്ചാം ക്ലാസ് രണ്ട് ഡിവിഷനോടുകൂടി ആരംഭിച്ചു. തുടർ വർഷങ്ങളിൽ 6, 7 ക്ലാസുകൾ ആരംഭിച്ചു. 1988 ൽ സ്കൂൾ മല ക്നാനായ ഭ്രദാസന ബിഷപ്പ് അഭിവന്ദ്യ ഏബ്രഹാം മാർ ക്ലിമിസ് തിരുമേനിക്ക് സ്കൂൾ കൈമാറ്റം ചെയ്യുകയും അന്നുമുതൽ മാനേജരായി റവ.ഫാദർ കെ. സി. ആന്റണിയെ [illegible]സിനെ നിയമിക്കുകയും ചെയ്തു. 2002 സെപ്റ്റംപർ 30 ന് ഏബ്രഹാം മാർക്ലിമിസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേറിയോസ് ബിഷപ്പ് ആവുകയും മാനേജർ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. 2012-13 അധ്യായന വർഷം മുതൽ ജനറൽ കലണ്ടർ പ്രകാരം പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിൽ 10 അധ്യാപകരും ഒരു പ്യൂണും ജോലി ചെയ്യുന്നു. മമ്പാട് പഞ്ചായത്തിലെ 3 യു.പി. സ്കൂളുകളിൽ എം. സി.യു. പി സ്കൂൾ കുട്ടികളുടെ എണ്ണംകൊണ്ടു മൂന്നാംസ്ഥാനത്താണങ്കിലും പഠന പ്രവർത്തനങ്ങൾക്ക് എന്നും മുൻപന്തിയിലായിരുന്നു. കലാകായിക വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധേയമായ വ്യക്തിതങ്ങളെ വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

ഈ വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാനാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. അക്കാദമികം ഭൗതികം എന്നീ തലങ്ങളിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാനിൽ സർക്കാർ സമിതികൾ, അഭ്യുദയാകാംക്ഷികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ നസ്സീമമായി സഹകരണം പ്രതീക്ഷിക്കുന്നു. ഓരോ വിഷയത്തിന്റേയും സാധ്യത അനുസരിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമാക്കാൻ ഉതകുന്നവ പോഷക ആഹാരവും ആരോഗ്യവുമായും ബന്ധപ്പെട്ടവ രക്ഷിതാക്കളും സമൂഹവുമായുള്ള ബന്ധം ദ്ദഢമാക്കാൻ ഉതകുന്നവ എന്നിങ്ങനെ വിവിധ തലത്തിലുള്ള ലക്ഷ്യങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## അനുബന്ധം 1 ഡി

അധ്യാപകർ - നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| യു പി | 8 | 8 | 2 | 8 |

## വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം

നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | 6 | 2 |
| ആൺകുട്ടികളുടെ ടോയ്‌ലെറ്റ് | 3 | 1 |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലെറ്റ് | 6 | 0 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | 2 | 0 |
| പ്രധാന അധ്യാപക മുറി | 1 | |
| ചുറ്റുമതിൽ / ഹരിതവേലി/ മറ്റുവേലികൾ | ഭാഗികം | ചുറ്റുമതിൽ |
| കളിസ്ഥലം | ഉണ്ട് | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാൻഡ് റെയിൽ | 3 | 5 |
| അടുക്കള | ഉണ്ട് | |
| പബ്ലിക് അനൗൺസിങ് സിസ്റ്റം | ഉണ്ട് | ക്ലാസ് മുറികളിൽ സൗണ്ട് ബോക്സ് വേണം |

## വിദ്യാലയങ്ങളിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ | 4 | |
| ലാപ്ടോപ്പ് | 7 | |
| പ്രൊജക്ടർ എൽ.സി.ഡി | 4 | 4 |
| ടി.വി | 1 | 7 |
| ഇന്റർനെറ്റ് കണക്ഷൻ | ഇല്ല | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | ഇല്ല | |
| ബ്ലോഗ് | ഇല്ല | |
| ഇമെയിൽ ഐഡി | ഉണ്ട് | |
| സ്മാർട്ട് റൂം | 3 | 5 |
| ഇന്ററാക്ടിവ് വൈറ്റ് ബോർഡ് | ഇല്ല | 8 |

## പരിമിതികൾ

- കുട്ടികൾക്ക് അസംബ്ലി കൂടുവാനും ഭക്ഷണം കഴിക്കുവാനും പ്രത്യേക ഹാൾ
- ചുറ്റുമതിൽ ഭാഗികം.
- ക്ലാസ്സ് മുറികളിൽ പഠനോൽപന്നങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യക്കുറവ്.
- ലാബ്, ലൈബ്രറി എന്നിവയിൽ ഇനിയും സാധനങ്ങളും പുസ്തകങ്ങളും വേണം
- കായികാദ്ധ്യാപകനില്ലാത്തത്.
- എസ്. എസ്. ജി പ്രവർത്തനം ഇനിയും കാര്യക്ഷമാകണം.
- സി.പി.ടി.എ പങ്കാളിത്തം പൂർണ്ണമാകാൻ ഉണ്ട്.

## സാമൂഹ്യ പങ്കാളിത്തം നിലവിലെ അവസ്ഥ.

- പി. ടി. എ., എം. പി.ടി. എ. പ്രവർത്തനങ്ങൾ സജീവമാണ്.
- സ്കൂൾ വികസന സമിതിയുടെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടക്കുന്നു.
- വിദ്യാലയ പ്രവർത്തനങ്ങളെ കുറിച്ച് അക്കാദമിക് നിലവാരത്തെകുറിച്ചും രക്ഷിതാക്കൾ ഏറെക്കുറേ ബോധവാന്മാരാണ്.

## വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ ( Vision Statement)

- സ്കൂളിനെ മികച്ച നിലവാരത്തിലേക്ക് എത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ നിരവധി മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്
- ഭാതിക സനകര്യങ്ങളിൽ ആവശ്യമായ വർദ്ധനവ് വരുത്തേണ്ടതുണ്ട്
- ക്ലാസ് റൂമുകൾ ശിശുസൗഹൃദമാക്കൽ, സാകര്യങ്ങൾ വർദ്ധിപ്പിക്കൽ, സൗന്ദര്യവൽക്കരണം, സാങ്കേതിക വിദ്യകൾ ആവശ്യമായ തോതിൽ കമ്പ്യൂട്ടർ, ഇൻറർനെറ്റ്, എൽ. സി.ഡി പ്രൊജക്ടർ, സ്മാർട്ട് ക്ലാസ്റൂം, ക്ലാസ് റൂം ലൈബ്രറി, പഠന കിറ്റുകൾ, പഠനോപകരണങ്ങൾ
- കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ ഉപകരണങ്ങൾ സ്പോർട്സ് കിറ്റ്
- ചുറ്റുമതിൽ നിർമ്മാണം
- സ്കൂൾ മുറ്റം പരിസരം - സൗന്ദര്യവൽക്കരണം
- കമ്പ്യൂട്ടർ ലാബ്, Language Lab
- 10 റൂമുകളിൽ Public Addressing System
- കുട്ടികൾക്ക് സ്വാതന്ത്ര്യമായി പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അനുയോജ്യമായ പഠനോപകരണങ്ങൾ

- കൂടുതൽ ലൈബ്രറി പുസ്തകങ്ങൾ - ലൈബ്രറി കെട്ടിടം വിശാലവും സൗകര്യ പ്രദവുമായ Reading Room
- കുടിവെള്ളം - ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് സ്കൂളിൽ നിന്നുതന്നെ വിതരണം ചെയ്യാനുള്ള ആധുനിക സൗകര്യങ്ങൾ
- അധ്യാപകർക്ക് വിദഗ്ധ പരിശീലനം നൽകുക.
- ആവശ്യമായ അക്കാദമിക പിന്തുണ ബന്ധപ്പെട്ടവരിൽ നിന്നും ഉറപ്പുവരുത്തുക.
- PTA-SSG-MTA കമ്മിറ്റികളുടെ പിന്തുണ – അക്കാദമികവും ഭൗതികവുമായ കാര്യങ്ങളിൽ
- പോർട്ട് ഫോളിയോ ക്ലാസ് മുറികളിൽ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യം
- ടാലന്റ് സെർച്ച് പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ രക്ഷിതാക്കൾക്ക് പ്രേരണ
- പഠനപോഷണ പരിപാടിയുടെ പൂർണ്ണത.
- കലാകായിക പ്രവർത്തനങ്ങൾക്ക് പ്രാദേശിക വിദഗ്ധരുടെ ലഭ്യത ഉറപ്പുവരുത്തൽ
- പ്രദേശത്തെ മുഴുവൻ കുട്ടികളെയും ഈ വിദ്യാലയത്തിൽ തന്നെ പഠിപ്പിക്കുന്നതിന് അനുകൂലമായ ഭൗതിക - അക്കാദമിക സൗകര്യങ്ങൾ സാമൂഹ്യ പിന്തുണയോടെ ഉറപ്പാക്കൽ
- ജൈവവൈവിധ്യ പാർക്കും നീന്തൽകുളവും ഉൾപ്പെടുത്തണം. |

സമഗ്ര വിദ്യാഭ്യാസ പുരോഗതി ലാക്കാക്കിയുള്ള വിദ്യാഭ്യാസം നൽകാൻ കഴിയുന്ന സ്മാർട് സ്കൂളാക്കി മാറ്റുക. |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# M.C.U.P.S - വടപുറം

## അക്കാദമിക മാസ്റ്റർ പ്ലാൻ – 2025-26

**മേഖല : അടിസ്ഥാന ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സയൻസ് ലാബ് ശാക്തീകരണം | പഠന പ്രവർത്തനങ്ങൾ പരീക്ഷണത്തിലൂടെ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ജൂൺ | ശാസ്ത്രാധ്യാപകർ H.M | PTA |
| 2 | ജൈവ വൈവിധ്യ ഉദ്യാനം ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | ഔഷധ പച്ചക്കറിത്തോട്ടം ശലഭോദ്യാനം, കുളം, പൂന്തോട്ടം, മരങ്ങൾ എന്നിവ ഉൾകൊള്ളിച്ചു കൊണ്ട് ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപക പരിസ്ഥിതി/ സയൻസ് ക്ലബ്ബ് | |
| 3 | കുട്ടികളിൽ പരീക്ഷണ മനോഭാവം വളർത്തുന്നതിന് സയൻസ് കിറ്റ് | ചുറ്റുപാടിൽ നിന്ന് കണ്ടെത്താവുന്ന സാധനങ്ങൾ ഉപയോഗിച്ച് കുട്ടികൾ പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ പ്രാപ്തമാക്കുക | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ /സയൻസ് ക്ലബ്ബ് | |
| 4 | പരീക്ഷണ കളരി സാഹചര്യങ്ങളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കാനും പരീക്ഷണ കിറ്റുകൾ നിർമിക്കാനും പരീക്ഷക്കുറിപ്പുകൾ ഉൾപ്പെടുത്തി മാസികകൾ തയ്യാറാക്കാനും | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ /സയൻസ് ക്ലബ്ബ് | |
| 5 | ഫീൽഡ് ട്രിപ്പ്: ശാസ്ത്ര പഠനത്തിന്റെ നേരനുഭവം സാധ്യമാക്കുക | സയൻസ് പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രത്തിന്റെ നേരനുഭവം ഒരുക്കുന്നതിലൂടെ യാതനുഭവക്കുറിപ്പ് തയ്യാറാക്കാനുള്ള അവസരം നൽകുന്നു. | ഡിസംബർ | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് P.T.A |
| 6 | ഭക്ഷ്യ മേള : ഭക്ഷ്യ വിഭവങ്ങളുടെ ഗുണ നിലവാരം തിരിച്ചറിഞ്ഞു ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുക | പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷ്യ വസ്തുക്കളുടെ പ്രദർശനത്തിലൂടെ കുട്ടികളിൽ പരസ്പര സഹകരണം വളർത്തുന്നതിനും ഭക്ഷ്യ സുരക്ഷാ ബോധവൽക്കരണം നൽകുന്നതിലൂടെയുള്ള തിരിച്ചറിവുകളും ഉണ്ടാകുന്നു. | ഫെബ്രുവരി | ശാസ്ത്രാധ്യാപകർ /സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

# M.C.U.P.S - വടപുറം

## അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

മേഖല : ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | ഗണിത ശിൽപ്പശാല :- ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവയുടെ നിർമ്മാണം | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| 2 | നേടിയ ഗണിത ആശയങ്ങളായ ചതുഷ് ക്രിയകൾ, ശതമാനം, ലാഭം, നഷ്ടം തുങ്ങിയവ നിത്യ ജീവിതത്തിലേക്ക് ഉപയോഗിക്കാൻ പ്രാപ്തരാക്കുക | Mini Maths Store<br>ഏഴാം ക്ലാസ്സിലെ കുട്ടികൾ മറ്റു കുട്ടികൾക്ക് ഭക്ഷണ സാധനങ്ങൾ കച്ചവടം നടത്തുന്നു. (ഫുഡ് ഫെസ്റ്റ് ) | ഫെബ്രുവരി | ഗണിത അധ്യാപകർ | SRG |
| 3 | ഗണിതത്തോടുള്ള താല്പര്യം വർധിപ്പിക്കുന്നു. മത്സര പരീക്ഷകൾ, ക്വിസ്സ് മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കാൻ തല്പരരാകുക | പസിൽ ബോർഡ് :<br>ഓരോ ആഴ്ചയിലും ഓരോ പസിലുകൾ വീതം ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികളിൽ നിന്നും ഉത്തരം കണ്ടു ഇടിച്ചയാൾ അസംബ്ലിയിൽ എങ്ങനെ കിട്ടിയെന്ന് മറ്റു കുട്ടികൾക്ക് പകർന്നു നൽകുന്നു. | ഓരോ ആഴ്ചയിലും | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | |
| 4 | നേടിയ മുഴുവൻ ആശയങ്ങളും പ്രദർശിപ്പിക്കുക | ഗണിത മാഗസിൻ നിർമ്മാണം .<br>പഠനോത്സവത്തിൽ മാഗസിന്റെ പ്രകാശനം നടത്തുന്നു | ഫെബ്രുവരി | ഗണിത അധ്യാപകർ, | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പാദങ്ങളും ഉറപ്പിക്കൽ | ➢ ഭാഷ ജ്ഞാനം<br>➢ അക്ഷരം എഴുത്ത്<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ അക്ഷര കാർഡ്<br>➢ വാക്കുകൾ എഴുതിയ കാർഡ്<br>➢ അക്ഷരമാല പ്രദർശനം<br>➢ അക്ഷരമാല കളികൾ പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷരപ്പാട്ട്<br>പാഠ പുസ്തകം<br>PTA | PTA<br>റിസോഴ്സ്<br>അധ്യാപകൻ |
| 2 | • വായനാ ലോകം കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | ➢ ലളിതമായ സംസ്കൃത പുസ്തകം കൊണ്ട് ലൈബ്രറി സജ്ജീകരിക്കുക<br>➢ ഓരോ സംസ്കൃത പീരീഡിലും ഒഴിവ് സമയങ്ങളിലും രണ്ട് കുട്ടികളെ ഒരു ദിവസം വെച്ച് ഒരു പേജ് വായിപ്പിക്കുന്നു.<br>➢ വായനാ മത്സരം:<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക | സെപ്റ്റംബർ<br>നവംബർ | സംസ്കൃത നിഘണ്ടു | PTA<br>റിസോഴ്സ്<br>അധ്യാപകൻ |
| 3 | • മത്സര പരീക്ഷകൾക്ക് തയ്യാറാകൽ | ➢ ആനുകാലികങ്ങൾ വായിക്കാൻ കൊടുക്കുന്നു.<br>➢ എല്ലാ മാസവും പ്രശ്നോത്തരി മത്സരം<br>➢ മാതൃകാ ചോദ്യപേപ്പർ നിർമ്മാണം | ജൂൺ - മാർച്ച് | ക്ലാസ് റൂം | അധ്യാപകൻ |
| 4 | • കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃത ഭാഷ / പഠന നേട്ടങ്ങൾ | ➢ ക്ലബ്ബ് രൂപീകരണം<br>➢ പഠനോപകരണ നിർമ്മാണം<br>➢ ഗൃഹ സന്ദർശനം<br>➢ കലണ്ടർ നിർമ്മാണം<br>➢ | ജൂൺ - മാർച്ച് | ചാർട്ട് , ചിത്രം | അധ്യാപകൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കാൻ | ➢ അക്ഷരം<br>➢ ചിഹ്നം<br>➢ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>➢ വാക്കുകൾ നിർമ്മാണം<br>➢ വാക്യങ്ങളുടെ നിർമ്മാണം | ഹിന്ദി അധ്യാപകൻ | അക്കാദമിക വർഷം |
| | ➢ ഹിന്ദി വായന<br>➢ തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും.<br><br>മറ്റ് ഹിന്ദി ചിത്രകഥകൾ വായിപ്പിക്കുക | ഹിന്ദി അധ്യാപകൻ | അക്കാദമിക വർഷം |
| | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള അവസരം (സുശീലി ഹിന്ദി ) | ➢ ദിനാചരണം<br>➢ അധിക വായന സാമഗ്രികൾ<br>➢ ചിത്രസഹായത്തോടെ ചിത്ര കഥകൾ തയ്യാറാക്കൽ<br>➢ കഥ ബാക്കി എഴുതൽ | ഹിന്ദി അധ്യാപകൻ | അക്കാദമിക വർഷം |
| | ഹിന്ദി ഭാഷയോട് താല്പര്യം വർദ്ധിപ്പിക്കൽ | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ സിനിമ എന്നിവയുടെ പ്രദർശനം | ഹിന്ദി അധ്യാപകൻ | അക്കാദമിക വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ധാരണ നേടുക | ➢ ദിനാചരണങ്ങൾ സംഘടിപ്പിക്കുക<br>➢ ആഘോഷങ്ങൾ സംഘടിപ്പിക്കുക | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 2 | അറിവ് പുതുക്കൽ | ➢ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, ജി.കെ. ക്ലബ്ബ് രൂപീകരണം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 3 | ജനാധിപത്യ ബോധം വളർത്തുക | ➢ സ്കൂൾ പാർലമെന്റ് രൂപീകരണം<br>➢ ഗ്രാമ സഭ സന്ദർശനം,<br>➢ മോക്ക് ഗ്രാമ സഭ സംഘടിപ്പിക്കുക. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 4 | അറിവുകളുടെ നേരനുഭവം | ➢ സാമൂഹ്യ ശാസ്ത്ര ലാബ് ശാക്തീകരണം<br>➢ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്ര | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 5 | ചരിത്ര പുസ്തകങ്ങൾ പരിചയപ്പെടൽ | ➢ സോഷ്യൽ സയൻസ് ലൈബ്രറി ശാക്തീകരണം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ധാരണ നേടുക | ➢ ദിനാചരണങ്ങൾ സംഘടിപ്പിക്കുക<br>➢ ആഘോഷങ്ങൾ സംഘടിപ്പിക്കുക | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 2 | അറിവ് പുതുക്കൽ | ➢ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, ജി.കെ. ക്ലബ്ബ് രൂപീകരണം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 3 | ജനാധിപത്യ ബോധം വളർത്തുക | ➢ സ്കൂൾ പാർലമെന്റ് രൂപീകരണം<br>➢ ഗ്രാമ സഭ സന്ദർശനം,<br>➢ മോക്ക് ഗ്രാമ സഭ സംഘടിപ്പിക്കുക. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 4 | അറിവുകളുടെ നേരനുഭവം | ➢ സാമൂഹ്യ ശാസ്ത്ര ലാബ് ശാക്തീകരണം<br>➢ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠന യാത്ര | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |
| 5 | ചരിത്ര പുസ്തകങ്ങൾ പരിചയപ്പെടൽ | ➢ സോഷ്യൽ സയൻസ് ലൈബ്രറി ശാക്തീകരണം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | അക്കാദമിക വർഷം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **<u>കൈത്താങ്ങ്</u>**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ, കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | **<u>പുതിയ പദം പരിചയപ്പെടൽ</u>** ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>▸ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▸ മുന്നറിവ് പരിശോധിക്കൽ<br>▸ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▸ വാചകങ്ങൾ നിർമ്മിക്കൽ<br>▸ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | | 2.വായനാവസന്തം<br>▸ വായന മത്സരം<br>▸ ക്ലാസ് ലൈബ്രറി<br>▸ സ്കൂൾ ലൈബ്രറി<br>▸ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▸ വായന കുറിപ്പുകൾ<br>▸ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3.എഴുത്തുത്സവം<br>▸ എഴുത്തുകൂട്ടം<br>▸ പതിപ്പുകളുടെ നിർമാണം<br>▸ വായന കുറിപ്പ് ശേഖരണം<br>▸ ഇൻലന്റ് മാഗസിൻ<br>▸ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▸ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▸ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▸ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▸ യാത്രകൾ<br>▸ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▸ ഭാഷ കളികൾ അറബിക് അസംബ്ലി<br>▸ ഭാഷാ പ്രദർശനം<br>▸ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>▸ സ്മാർട്ട് ക്ലാസ്റൂം .<br>▸ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▸ ചിത്രീകരണങ്ങൾ<br>▸ സിനിമ<br>▸ ആനിമേഷൻ<br>▸ സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSC<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |